FILE No.LSGD-DD2/386/2018/LSGD

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - നിർമ്മാണ പ്രവൃത്തികൾക്കായി സാധന സാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച ഉത്തരവ്- ഭേദഗതി വരുത്തി ഉത്തരവാകുന്നു.

===========================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(എം.എസ്)നം. 110/2018/തസ്വഭവ** **തിരുവനന്തപുരം, തീയതി, 13.08.2018**

===========================================================================

പരാമർശം: 1. സ.ഉ.(കൈ)നം.93/2012/ത.സ്വ.ഭ.വ തീയതി 31.03.2012

2. സ.ഉ.(സാധാ)നം.1611/2018/ത.സ്വ.ഭ.വ തീയതി 13.06.2018

3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.06.2018-ലെ യോഗത്തിന്റെ 3.11-ാം നമ്പർ തീരുമാനം

4. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 27.07.2018- ലെ 562/ഇ.ജി.എസ്.സി/17/ആർ.ഇ.ജി.എസ് നമ്പർ കത്ത്

**ഉത്തരവ്**

ലൈഫ് മിഷൻ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് വീട് നിർമ്മാണത്തിന് ആവശ്യമായ സിമന്റ് ഇഷ്ടിക, കട്ടിള, ജനൽ കട്ടിള എന്നിവ ലഭ്യമാക്കുന്നതിന് കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് ബിൽഡിംഗ് മെറ്റീരിയൽ പ്രൊഡക്ഷൻ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സർക്കാർ നിർദ്ദേശം നല്കിയിട്ടുള്ളതാണ്. ഇത്തരത്തിലുള്ള യൂണിറ്റുകളുടെ പ്രവർത്തനത്തിനുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന് തൊഴിലുറപ്പ് പദ്ധതിയിലെ സാധന ഘടകം ഉപയോഗിക്കാവുന്നതാണെങ്കിലും സാധന ഘടകങ്ങളുടെ ഫണ്ട് കേന്ദ്ര സർക്കാരിൽ നിന്ന് അനുവദിച്ച് കിട്ടുന്നതിന് കാലതാമസം നേരിടുന്നതിനാൽ വിതരണക്കാർ ടെണ്ടറിൽ പങ്കെടുക്കാൻ വിമുഖത കാട്ടുന്നതായും ആവശ്യത്തിന് സാധന സാമഗ്രികൾ ലഭിക്കാതെ വരുന്നത് ബിൽഡിംഗ് മെറ്റീരിയൽ പ്രൊഡക്ഷൻ യൂണിറ്റുകളുടെ പ്രവർത്തനത്തെയും ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതിയെയും ബാധിക്കുമെന്നതിനാൽ സാധനസാമഗ്രികളുടെ വാങ്ങലും സംഭരണവും സംബന്ധിച്ച പരാമർശം (1) സർക്കാർ ഉത്തരവ് ഭേദഗതി ചെയ്യണമെന്ന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.07.2018-ലെ യോഗത്തിന്റെ പരാമർശം (3) തീരുമാന പ്രകാരം പരാമർശം (4) കത്ത് മുഖേന മിഷൻ ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധനസാമഗ്രികളുടെ വാങ്ങലും സംഭരണവും സംബന്ധിച്ച പരാമർശം (1) ഉത്തരവിൽ വിതരണക്കാരുടെ യോഗ്യതകൾ പ്രതിപാദിക്കുന്ന (എ) മുതൽ (ഡി) വരെയുള്ള ഖണ്ഡികകൾക്ക് തുടർച്ചയായി ചുവടെ പറയുന്ന ഖണ്ഡികകൾ കൂടി കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

(ഇ) ലൈഫ് മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി, ഗുണഭോക്താക്കൾക്ക് സിമന്റ് ഇഷ്ടിക, കട്ടിള, ജനൽ കട്ടിള മുതലായ വിവിധ നിർമ്മാണ സാമഗ്രികളുടെ ഉല്പാദനത്തിന് ആവശ്യമായ സാധന സാമഗ്രികളുടെ വിതരണത്തിന് വെണ്ടർ ആയി, ഗ്രാമപഞ്ചായത്ത് തല കുടുംബശ്രീ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിയെ ചുമതലപ്പെടുത്തതാവുന്നതാണ്.

(എഫ്) തദ്ദേശ സ്ഥാപനങ്ങൾക്ക് ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെ വെണ്ടർ ആയി സി.ഡി.എസ്.-നെ തെരഞ്ഞെടുക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിന് കുടുംബശ്രീ സി.ഡി.എസ്-മായി സാധന സാമഗ്രികളുടെ വാങ്ങലിന് നേരിട്ട് കരാറിലേർപ്പെടാവുന്നതാണ്.

(ജി) ഇനി മുകളിൽ സൂചിപ്പിച്ച രീതി പരിഗണിക്കാതെ (സി.ഡി.എസ്-നെ നേരിട്ട് വെണ്ടർ ആക്കാതെ) സാധന സാമഗ്രികളുടെ വാങ്ങൽ പൊതു ടെണ്ടർ നടപടികളിലൂടെ നടത്താൻ ഗ്രാമപഞ്ചായത്ത് തീരുമാനിക്കുകയാണെങ്കിൽ കുടുംബശ്രീ സി.ഡി.എസ്-നും പ്രസ്തുത ടെണ്ടറിൽ വെണ്ടർ എന്ന നിലയിൽ പങ്കെടുക്കാവുന്നതും തദവസരത്തിൽ സി.ഡി.എസ്-ന് ചുവടെ പറയുന്ന ഇളവുകൾ അനുവദിക്കാവുന്നതുമാണ്.

a. ടെണ്ടറിൽ പങ്കെടുക്കാൻ വെണ്ടർ സമർപ്പിക്കേണ്ട ഇ.എം.ഡി., സി.ഡി.എസ്-ന് ഒഴിവാക്കി നൽകാവുന്നതാണ്.
b. ഇതര വെണ്ടർമാർ സമർപ്പിക്കുന്ന ടെണ്ടർ തുകയേക്കാൾ ഓരോ ഇനങ്ങൾക്കും 0.05% ഉയർന്ന നിരക്ക് അഥവാ ലോക്കൽ മാർക്കറ്റ് റേറ്റ് ഇതിലേതാണോ കുറവ്, ആയത് സി.ഡി.എസ്.-ന് അനുവദിക്കാവുന്നതാണ്.

3. മേൽപറഞ്ഞ ഭേദഗതികളോടെ പരാമർശം (1) ഉത്തരവ് നിലനിൽക്കുന്നതാണ്

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**കെ.ഗോപാലകൃഷ്ണ ഭട്ട്**
**സ്പെഷ്യൽ സെക്രട്ടറി**

<u>പകർപ്പ്</u>

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ ,തിരുവനന്തപുരം
എല്ലാ ജില്ലാ/ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/ സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/ സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ